File No.IND-E2/208/2017-IND

1/2

കേരള സർക്കാർ

<u>സംഗ്രഹം</u>

<u>വ്യവസായം-കയർ വികസനം-ഉത്സവകാലത്ത് സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്ക് കയർ ഉൽപ്പന്നങ്ങൾ തവണവ്യവസ്ഥയിൽ വിപണനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.</u>

വ്യവസായ(ഇ) വകുപ്പ്

സ.ഉ.(സാധാ)/958/2017/വ്യവ. തിരുവനന്തപുരം, തീയതി, 05/07/2017

പരാമർശം:- കയർ വികസന ഡയറക്ടറുടെ 07.06.2017ലെ സി.പി6/5153/16 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കയർ ഉൽപ്പന്നങ്ങളുടെ വിൽപന വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഉദ്യോഗസ്ഥർക്ക് തവണ വ്യവസ്ഥയിൽ കയർ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുമായി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഈ ഓണക്കാലത്ത് സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും കയർ ഉൽപ്പന്നങ്ങൾ തവണവ്യവസ്ഥയിൽ വിപണനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പരമാവധി 15000/-രൂപയുടെ(പതിനയ്യായിരം രൂപ മാത്രം) ഉൽപ്പന്നങ്ങൾ ഒരു ജീവനക്കാരന് വാങ്ങാവുന്നതാണ്. (റിബേറ്റ്/ഡിസ്കൗണ്ട് ഒഴിവാക്കി)

2. തവണവ്യവസ്ഥയ്ക്കാവശ്യമായ ഇൻഡന്റ് ഓരോ സ്ഥാപനവും സർക്കാർ ആഫീസുകൾക്ക് നൽകേണ്ടതാണ്.

3. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ മൂന്ന് സ്ഥാപനങ്ങളും ഒരേ മാതൃകയിലുള്ള ഇൻഡന്റ് ഫോറവും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി കയർ വികസന ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

4.ബന്ധപ്പെട്ട ശമ്പളവിതരണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്ന ഇൻഡന്റ് പ്രകാരം ആണ് സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ നൽകേണ്ടത്.

5. ഉൽപ്പന്നങ്ങൾ വാങ്ങിയതിന്റെ വില (സ്ഥാപനങ്ങളിൽ നിന്നും ഉൽപ്പന്നം വാങ്ങിയതിന്റെ സ്ഥിരീകരണം ലഭിക്കുമ്പോൾ) അടുത്തമാസം മുതൽ പരമാവധി 5 തവണകളായി ശമ്പളവിതരണ ഉദ്യോഗസ്ഥൻ കിഴിവ് ചെയ്ത് ബന്ധപ്പെട്ട സ്ഥാപനത്തിന് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്

അഡീഷണൽ ചീഫ് സെക്രട്ടറി

| NCC Dte (K&L) | State Wing (Est) |
|---|---|
| Adm Offr | |
| Adm.Asst | |
| Sr Supdt Est | |
| Jr Supdt (A) | |
| Jr Supdt (B) | |
| Head Clerk | |
| Date 6/7/17 | Section D1 |
| | 5733 |